7633
3/4/17

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

## സ.ഉ(എം.എസ്.)നം. 89/2017/ഉ.വി.വ. തീയതി, തിരുവനന്തപുരം: 30.03.2017

---

പരാമർശം :- 1. സ.ഉ (എം,എസ്) നം.420/2012/ഉ.വി.വ തീയതി 13.08.2012.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.10.2016 ലെ പി1/26718/2016/കോ.വി.വ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1) – ലെ ഉത്തരവ് പ്രകാരം പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് കോഴ്സ് അനുവദിച്ചിരുന്നു. പ്രസ്തുത കോളേജിൽ വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ മൂന്ന് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്ന് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ രണ്ട് അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ ചെലവ് 2202-03-103-99-01-Salaries (Non Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബി.ശ്രീനിവാസ്**

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പാൾ, ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (04.02.2017 ലെ EDN - B3/8/17/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി.)വകുപ്പ് (23.03.2017 ലെ 841 -ാം നമ്പർ ഇനം പ്രകാരം)
ഡയറക്ടർ,ഐ&പി.ആർ.ഡി/ഇൻഫർമേഷൻ ഓഫീസർ,വെബ് &ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2017.

ഫയൽ നം.എഫ്2/483/2016/ഉ.വി.വ. ഇനം നം: 841

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

24/03/17

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്2/483/2016/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27/02/2017 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ. സാജു പീറ്റർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി. ശ്രീനിവാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/03/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/03/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/03/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21/03/2017 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2. 13.08.2012 - ലെ സ.ഉ (എം.എസ്) നം.420/12/ഉ.വി.വനമ്പർ ഉത്തരവ് പ്രകാരം പാലക്കാട്, ഗവ.വിക്ടോറിയ കോളേജിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് കോഴ്സ് അനുവദിച്ചിരുന്നു.

3. പ്രസ്തുത വിഷയത്തിൽ സ്ഥിരാദ്ധ്യപക തസ്തിക സൃഷ്ടിച്ചിട്ടില്ലായിരുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിൽ 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി വർക്ക് ലോഡ്, അധിക സാമ്പത്തിക ബാദ്ധ്യത എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതമുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

***പാലക്കാട്, ഗവ.വിക്ടോറിയ കോളേജിൽ 2012 -ൽ ആരംഭിച്ച ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന് ഇതുവരെയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലും നിലവിലെ ജോലിഭാരം കണക്കാക്കിയും 2 (രണ്ട്) അദ്ധ്യാപക തസ്തികകൾ മന്ത്രി സഭയുടെ അനുമതിയോടെ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് സമ്മതിക്കുന്നു.***

**ഇതിന് ബഹു. ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.**

5. മേൽ അഭിപ്രായ പ്രകാരം രണ്ട് അദ്ധ്യാപക തസ്തികകൾ പുതുതായി അനുവദിക്കുമ്പോൾ ഒരു വർഷത്തേയ്ക്കുള്ള സാമ്പത്തിക ബാദ്ധ്യത 11,96,400/-

രൂപയാണ്. പ്രസ്തുത ചെലവ് 2202-03-103-99-01 Salaries (Non Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

6. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ രണ്ട് അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കാവുന്നതാണോ ?